For Private Circulation Only

December 2020

# ആഗമദൂതൻ

HOLY BIBLE

Vol.67

" എന്നാൽ സഹോദരന്മാരെ ആ നാൾ കള്ളൻ എന്നപോലെ നിങ്ങളെ പിടിപ്പാൻ നിങ്ങൾ ഇരുട്ടിൽ ഉള്ളവരല്ല. ....................ഉണർന്നും സുബോധമായിരിക്ക " (1 തെസ്സ.5 :14)

No.12

## അവിടുത്തെ വരവു സമീപിച്ചിരിക്കുന്നു എന്ന നിലയിൽ എല്ലാം ക്രിസ്തുവിനായ്

By Rich Carmicheal

നാം ഈ കാലഘട്ടത്തിൽ ജീവിക്കുന്നു എന്ന നിലയിൽ ഈ വിഷയത്തോടുള്ള ബന്ധത്തിൽ കർത്താവു നൽകുന്ന ദൂത് ജനങ്ങളോടു പറയുവാൻ വലിയ ഉത്തരവാദിത്വം ഞങ്ങൾക്കുണ്ട്. യോസേഫ്, ഏലിയാവ്, നെഹെമ്യാവ്, എസ്രാ, എസ്ഥേർ, ദാനിയേൽ തുടങ്ങിയ പൂർവ്വപിതാക്കന്മാരെപ്പോലെ കാലാകാലങ്ങളിൽ വീണ്ടും ചരിത്രത്തിലൂടെ തന്റെ ജനത്തെനോക്കി, ചില വ്യക്തികളെ നോക്കി അവരിലൂടെയാണ് ജനത്തിന് പ്രത്യാശയും വിടുതലും ദൈവം കൊടുക്കുമാറാക്കിയത്. അവരുടെ സ്വന്തം കഴിവുകളോ പശ്ചാത്തലങ്ങളോ അല്ല ദൈവം നോക്കിയത്, പിന്നെയോ, ജീവനുള്ള ദൈവത്തിലുള്ള അവരുടെ വിശ്വാസവും ദൈവത്താൽ ഉപയോഗിക്കപ്പെടാനുള്ള അവരുടെ ആഗ്രഹവുമാണ് ദൈവം നോക്കിയത്. അവർ നമ്മപ്പോലെ സാധാരണക്കാരായിരുന്നു, എന്നാൽ കർത്താവിൽ അവരുടെ ബലവും ധൈര്യവും അവർ കണ്ടെത്തി, ആ വഴിയിൽ തങ്ങളുടെ കാര്യങ്ങളെ നീക്കി, അവരുടെ സ്വന്തം ജീവിതത്തെപ്പോലും ദൈവഹിതത്തിനായി ഏല്പിച്ചു. കർത്താവ് തന്റെ അത്യന്തശക്തിയാൽ തന്റെ മഹത്തായ വിശ്വസ്തയാൽ തന്റെ ജനത്തിന്റെ വിടുതലിനും ആവശ്യത്തിനുള്ള സഹായത്തിനുമായി അവരിലൂടെ പ്രവർത്തിച്ചു.

**കർത്താവിന്റെ വരവ് സമീപിക്കുന്നു.**

കഴിഞ്ഞ തലമുറ, അവരുടെ നിലവാരം വളരെ ഉയർന്നതാണ്, എന്നാൽ അവരുടെ കൈമുതലായിരുന്ന സാഹചര്യങ്ങളൊന്നും തന്നെ ഒരു പ്രതിസന്ധിയെ നേരിടുവാൻ പര്യാപ്തമായിരുന്നുവോ എന്നത് സംശയകരമാണ്. കർത്താവിന്റെ വരവ് മറ്റേതൊരു കാലത്തെക്കാളും സമീപിച്ചിരിക്കുന്നു എന്നത് യാഥാർത്ഥ്യമല്ലേ? ദൈവമക്കൾ എന്ന നിലയിൽ ഈ വക്രതയുള്ള തലമുറയിൽ ദൈവത്തിനായി പ്രകാശിക്കുവാൻ എത്ര സമയമാണ് നമുക്കു ബാക്കിയുള്ളത് (സങ്കീ. 2:15). ഉപവസിക്കുവാൻ പ്രാർത്ഥിക്കുവാൻ ദൈവവചനം പങ്കുവയ്ക്കുവാൻ നഷ്ടപ്പെട്ടവരെ കണ്ടുമുട്ടുവാൻ സഭയെ ധൈര്യപ്പെടുത്തി ആത്മിക വർദ്ധന വരുത്തുവാൻ എത്ര സമയമാണ് നമുക്ക് ബാക്കിയുള്ളത്? ഈ അന്ത്യകാലത്തെക്കുറിച്ച് വേദപുസ്തകം നമ്മെ ഉണർത്തുന്നത്.

ഇതു ചെയ്യേണ്ടത് ഉറക്കത്തിൽ നിന്നുണരുവാൻ നാഴിക വന്നിരിക്കുന്നു എന്നിങ്ങനെ നിങ്ങൾ സമയത്തെ അറികയാൽ തന്നെ; നാം വിശ്വസിച്ച സമയത്തെക്കാൾ രക്ഷ ഇപ്പോൾ അധികം അടുത്തിരിക്കുന്നു. രാത്രി കഴിവാറായി പകൽ അടുത്തിരിക്കുന്നു. അതുകൊണ്ട് നാം ഇരുട്ടിന്റെ പ്രവൃത്തികളെ വച്ചുകളഞ്ഞ് വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിച്ചുകൊൾക ". (റോ. 13:11,12).

" എന്നാൽ സഹോദരന്മാരേ ആ നാൾ കള്ളൻ എന്നപോലെ നിങ്ങളെ പിടിപ്പാൻ നിങ്ങൾ ഇരുട്ടിനുള്ളവരല്ല, നിങ്ങൾ എല്ലാവരും വെളിച്ചത്തിന്റെ മക്കളും പകലിന്റെ മക്കളും ആകുന്നു; നാം രാത്രിക്കും ഇരുളിനുമുള്ളവരല്ല. ആകയാൽ നാം ശേഷമുള്ളവരെപ്പോലെ ഉറങ്ങാതെ ഉണർന്നും സുബോധമായും ഇരിക്ക " (1തെസ്സ. 5:4-6).

" എന്നാൽ എല്ലാറ്റിന്റെയും അവസാനം സമീപിച്ചിരിക്കുന്നു, ആകയാൽ പ്രാർത്ഥനയ്ക്കു സുബോധമുള്ളവരും നിർമ്മദരുമായിരിപ്പിൻ. സകലത്തിനും മുമ്പേ തമ്മിൽ ഉറ്റ സ്നേഹം ഉള്ളവരായിരിപ്പിൻ. സ്നേഹം പാപങ്ങളുടെ ബഹുത്വത്തെ മറയ്ക്കുന്നു. പിറുപിറുപ്പുകൂടാതെ തമ്മിൽ അതിഥിസൽക്കാരം ആചരിപ്പിൻ. ഓരോരുത്തനു വരം ലഭിച്ചതുപോലെ വിവിധമായുള്ള ദൈവകൃപയുടെ ഗൃഹവിചാരകന്മാരായി അതിനെക്കൊണ്ട് അന്യോന്യം ശുശ്രൂഷിപ്പിൻ. ഒരുവൻ പ്രസംഗിക്കുന്നു എങ്കിൽ ദൈവത്തിന്റെ അരുളപ്പാട് പ്രസ്താവിക്കുന്നു എന്നപോലെയും ഒരുവൻ ശുശ്രൂഷിക്കുന്നു എങ്കിൽ ദൈവം നൽകുന്ന പ്രാപ്തി ക്കു ഒത്തവണ്ണവും ആകട്ടെ. എല്ലാറ്റിലും ദൈവം യേസുക്രിസ്തുമൂലം മഹത്വപ്പെടുവാൻ ഇടവരട്ടെ. മഹത്വവും ബലവും എന്നെന്നേയ്ക്കും അവനുള്ളത് ആമേൻ (1പത്രൊ. 4:7-11).

ദൂത് വ്യക്തമാണ്, അവസാനം അടുത്തിരിക്കുന്നു. ക്രിസ്തു വേഗം വരുന്നു! ഗൗരവമായി, കാത്തിരിക്കുന്നവരായി പ്രാർത്ഥിക്കുന്നവരായി, സ്നേഹത്തിൽ നിലനില്ക്കുന്നവരായി, ദൈവം ഏല്പിച്ച കാര്യങ്ങളിൽ വിശ്വസ്തതയുള്ളവരായി, ഉണർന്നിരിക്കേണ്ടതായ സമയം. ഇത് കർത്താവിനെ നോക്കി അവിടുത്തെ ആത്മാവിലും, കൃപയിലും വചനത്തിലും ശക്തിയിലും നാം ബലപ്പെടേണ്ട സമയം. ഈ ഒടുവിലത്തെ നാളുകളിൽ നമ്മുടെ ശക്തിയും കഴിവുകളും അപര്യാപ്തമാണ്. എന്നാൽ കർത്താവിന്റെ കൃപ നമുക്ക് മതിയായതാണ്. " നിന്നാൽ ഞാൻ പടക്കൂട്ടത്തിന്റെ നേരെ പാഞ്ഞുചെല്ലും; എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടികടക്കും" (സങ്കീ. 18:29). " എന്നെ ശക്തിനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു" (ഫിലി. 4:13). "ഞാൻ യഹോവയായ കർത്താവിന്റെ വീര്യപ്രവർത്തികളോടുകൂടെ വരും" (സങ്കീ. 71:16). ഒടുവിൽ കർത്താവിലും അവന്റെ അമിത ബല

(ശേഷം 6-ാംപേജിൽ)

# ഒടുവിലത്തെ നാളുകളിലെ കുടുംബ പ്രാർത്ഥന

By. Kim Butts

“ എന്നാൽ എല്ലാറ്റിന്റെയും അവസാനം വന്നിരിക്കുന്നു. ആകയാൽ പ്രാർത്ഥനയ്ക്കു സുബോധമുള്ളവരും നിർമ്മദരുമായിരിപ്പിൻ” (1പത്രൊ. 4:7).

പത്രൊസ് പരിശുദ്ധാത്മപ്രേരിതനായി ഉറപ്പിച്ചു പറയുന്നത്, ഈ അവസാന നാളുകളിൽ പ്രാർത്ഥന എന്നുള്ളത് ജീവിക്കുന്ന ദൈവജനത്തിന്റെ താക്കോൽ ആണ്. മുന്നിൽ എന്താണെന്ന് കണ്ട് പ്രാർത്ഥനയ്ക്ക് നാം ഉത്സാഹമുള്ളവരായിരിപ്പാൻ കർത്താവ് ആഗ്രഹിക്കുന്നു. നല്ല മനോഭാവമുള്ള വിശ്വാസികൾ ശരിയായ ഉദ്ദേശത്തോടു കൂടെയുള്ള പ്രാർത്ഥനയുണ്ടായിരിക്കും. അതു കർത്താവായയേശുവിനോടുള്ള ബന്ധത്തിൽ രൂപപ്പെട്ടതുമായിരിക്കും.

പൗലൊസ് പറഞ്ഞത്, നമുക്ക് പ്രാർത്ഥിപ്പാൻ കഴിയേണ്ടതിന് നാം നമ്മെതന്നെ വിശുദ്ധീകരിക്കുന്നവരായിരിക്കേണം. സ്വയ ശുദ്ധീകരണം പ്രയാസമുള്ള കാര്യമാണ്. എന്നിരുന്നാലും നമ്മോടു തന്നെ ഒരു ചെറിയ ചോദ്യം നമുക്ക് ചോദിക്കാം. ആരാണ് നമ്മെ നിയന്ത്രിക്കുന്നത്? നമ്മെ സ്നേഹിക്കയും നമുക്ക് നന്മ വരണം എന്നാഗ്രഹിക്കയും ചെയ്യുന്ന പിതാവായ നമ്മുടെ ദൈവമാണോ, അതോ, നമ്മെ നശിപ്പിക്കാവാനാഗ്രഹിക്കുന്ന നമ്മുടെ ശത്രുവായ സാത്താനാണോ? ഒരു കുടുംബം എന്ന നിലയിൽ നമ്മുടെ സ്വഭാവം, നാം ചെയ്യുവാനാഗ്രഹിക്കുന്ന പ്രവർത്തികൾ, നാം മുറുകെ പിടിച്ചിരിക്കുന്ന കാര്യങ്ങൾ നോക്കുക. അവ ദൈവത്തിന് ബഹുമാനവും മഹത്വും കൊടുക്കുന്നതാണോ, നിങ്ങളിലൂടെ ദൈവത്തിന്റെ നിയന്ത്രണത്തിലാണോ നടക്കുന്നത്? അതോ ദൈവത്തിന് മഹത്വം കൊടുക്കാത്ത വഞ്ചകന്റെ നിയന്ത്രണത്തിലാണോ?

പ്രാർത്ഥിക്കാൻ കഴിയാതവണ്ണം ശത്രു നമ്മെ വശീകരിച്ചു, നമുക്ക് ദോഷം വരുത്തുന്നു എങ്കിൽ, പ്രത്യേകിച്ച് നമ്മുടെ കുടുംബത്തിൽ അവൻ അങ്ങനെ ചെയ്യും. ഒരു സ്വയ നിയന്ത്രണത്തിന്റെ അഭാവത്താൽ ലൗകിക കാര്യങ്ങളാലും ദൈവികമല്ലാത്ത ചിന്തകളാലും നാം വഞ്ചിക്കപ്പെടുവാനിടയാകും. അതിന്റെ ഫലമായി പ്രാർത്ഥന ജീവിതവും ദൈവിക ചിന്തയും നമുക്ക് നഷ്ടപ്പെട്ടുപോകാനിടയാകും. “ ആത്മ സംയമനം ഇല്ലാത്ത പുരുഷൻ മതിൽ ഇല്ലാതെ ഇടിഞ്ഞു കിടക്കുന്ന പട്ടണം പോലെയാകുന്നു ” (സദൃ. 25:28). മതിലുകൾ ഇടിഞ്ഞ് വേലിയില്ലാതെ ശത്രുവിന് ആക്രമിക്കുവാൻ എളുപ്പമുള്ളതായിത്തീരുന്നു.

നിങ്ങളുടെ കുടംബം മതിൽ കെട്ടി സുരക്ഷിതമാക്കപ്പെട്ടതാണോ? നിങ്ങൾ മറ്റുള്ളവർക്ക് വേണ്ടി പ്രാർത്ഥിക്കുന്ന ആളാണോ? നിങ്ങൾ പരസ്പരം വഹിച്ച് പ്രാർത്ഥിക്കുന്നവരും, ക്രിസ്തുവിനെപ്പോലെ മറ്റുള്ളവരോട് പെരുമാറുന്നവരും പാപങ്ങളെക്കുറിച്ച് അനുതപിച്ചു പ്രാർത്ഥിക്കുന്നവരും ആണോ? (യാക്കോ. 5:13-16).

സ്വയ നിയന്ത്രണം ഇല്ലാത്ത പ്രാർത്ഥന ശുശ്രൂഷിച്ചതും തെറ്റായതും ശക്തിയി

(ശേഷം 6-ാംപേജിൽ)

**കർത്താവിൽ പ്രിയരേ,**

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം. ഒരു ക്രിസ്തുമസ് കൂടെ വരവായി.

“ നക്ഷത്രം കണ്ടതു കൊണ്ടു അവർ അത്യന്തം സന്തോഷിച്ചു. ആ വീട്ടിൽ ചെന്നു ശിശുവിനെ അമ്മയായ മറിയയോടുകൂടെ കണ്ടു വീണു അവനെ നമസ്ക്കരിച്ചു. നിക്ഷേപപാത്രങ്ങളെ തുറന്നു അവന്നു പൊന്നും കുന്തുരുക്കവും മൂരും കാഴ്ചവെച്ചു ” (മത്താ. 2:10)

2020 വർഷത്തിന്റെ നവംബർ മാസം നമ്മെ വിട്ട് കടന്നുപോയി. ഡിസംബർ മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

ഇത് അന്ത്യ നാളുകളാണ് ഒന്നിനെക്കുറിച്ചും വിചാരപ്പെടരിത്. കർത്താവിൽ പൂർണ്ണമായി സന്തോഷിക്കുവാൻ കഴിയണമെങ്കിൽ നമ്മുടെ ജീവിതത്തിലെ നന്മകളെ ഓർക്കുക. ദൈവം നൽകിയ ഓരോ നല്ല ദാനങ്ങൾക്കായും ദൈവ സന്നിധിയിൽ നന്ദി അർപ്പിക്കുക. നമ്മുടെ യാചനകൾക്ക് ഉത്തരം ലഭിക്കില്ല എന്നു തോന്നുന്ന നിമിഷത്തിൽ പോലും ദൈവത്തിൽ നമുക്ക് നന്ദിയുള്ളവരായിരിക്കുവാൻ കഴിഞ്ഞാൽ കർത്താവിൽ പൂർണ്ണമായും സന്തോഷം കണ്ടെത്താൻ സാധിക്കും.

കർത്താവായ യേശുക്രിസ്തു തന്റെ മണവാട്ടിയായ സഭയെ ശുദ്ധവും നിഷ്കളങ്കവുമായി കറയും കളങ്കവും ഒന്നുമില്ലാതെ തനിക്കു തന്നെ തേജസ്സോടെ നിർത്തുവാൻ പോകുകയാണ്. ദൈവത്തെ ഭയപ്പെട്ട് വിശുദ്ധിയിലും വേർപാടിലും ജീവിക്കാം.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം


# ആഗമനദൂതൻ



ബിന്ദു.എം
എഡിറ്റർ
Mob:8589901702

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: 9446590913, 9809882926
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

# കാത്തിരിക്കുകയും ഒരുങ്ങുകയും ചെയ്യുന്നു

By. Don MacIntyre

" പത്തുകന്യകമാരെക്കുറിച്ചു വേദപുസ്തകം സംസാരിക്കുന്നു. അഞ്ചുപേർ ബുദ്ധിയുള്ളവരും അഞ്ചുപേർ ബുദ്ധിയില്ലാത്തവരും. ബുദ്ധിയുള്ളവർ മണവാളനായി ഒരുങ്ങിയിരിക്കുന്നു. അവർ അലസരായിട്ടല്ല ഒരുങ്ങതെയുമല്ല. അവർ ബുദ്ധിയോടെ പ്രവർത്തിച്ചു, ആവശ്യത്തിനുള്ള എണ്ണയും അധികവും അവർ എടുത്തിരുന്നു ".

ബുദ്ധിയില്ലാത്ത അഞ്ചുപേർ അങ്ങനെയല്ല അവർ അറിഞ്ഞു മണവാളൻ വരുന്നു എന്ന്. എണ്ണ അവരുടെ കയ്യിൽ ഉണ്ടായിരുന്നു. എന്നാൽ ആവശ്യത്തിനോ, അധികമോ ഒന്നും അവർ കരുതിയിരുന്നില്ല. ബുദ്ധിയുള്ളവരോടൊപ്പം അവരും സന്തോഷവതികളായിരുന്നു.

മണവാളൻ വരുന്നു എന്ന് ആർപ്പുവിളി ഉണ്ടായി. ബുദ്ധിയില്ലാത്തവർ അതു പ്രതീക്ഷിച്ചില്ല. അവർ വിളക്ക് തെളിയിച്ചു. പെട്ടെന്ന് അവർക്ക് ബോദ്ധ്യം വന്നു. അവർ ഉണർന്നു. അവരുടെ കുറവ് അവർക്ക് ബോദ്ധ്യപ്പെട്ടു. എന്നാൽ എന്താണോ അവർക്ക് ആവശ്യമായിരുന്നത്, അത് തങ്ങൾക്കില്ല എന്ന് ബോദ്ധ്യം വന്നപ്പോൾ വളരെ താമസിച്ചുപോയി. ദീർഘനാളുകളായി കാത്തിരുന്ന അവരുടെ മണവാളൻ വന്നു. രാത്രിയിൽ കള്ളൻ എന്നപേലെ അവൻ വന്നു. ഒരുങ്ങി കാത്തിരുന്ന അഞ്ചു കന്യകമാർ മണവറയിൽ പ്രവേശിച്ചു. മറ്റ് അഞ്ചു പേർക്കെതിരെ കതകടഞ്ഞു.

## ഒരുങ്ങുവാനുള്ള ആഹ്വാനം

ഒരുക്കത്തെ സംബന്ധിച്ചുള്ള അപ്പോസ്തലനായ പത്രോസിന്റെ വാക്കുകൾ ശ്രദ്ധിക്കുക: "ചിലർ താമസം എന്നു വിചാരിക്കുന്നതു പോലെ കർത്താവ് തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളൂ. കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും. അന്ന് ആകാശം കൊടുമുഴക്കത്തോടെ ഒഴിഞ്ഞുപോകും; മൂലപദാർത്ഥങ്ങൾ കത്തി അഴികയും ഭൂമിയും അതിലുള്ള പണിയും വെന്തുപോകയും ചെയ്യും. ഇങ്ങനെ ഇവയൊക്കെയും അഴിയുവാനുള്ളതായിരിക്കയാൽ ആകാശം ചുട്ടഴിയുവാനും മൂലപദാർത്ഥങ്ങൽ വെന്തുരുകുവാനും ഉള്ള ദൈവദിവസത്തിന്റെ വരവ് കാത്തിരുന്നും ബദ്ധപ്പെടുത്തിയും കൊണ്ട് നിങ്ങൾ എത്ര വിശുദ്ധ ജീവനവും ഭക്തിയും ഉള്ളവർ ആയിരിക്കേണം. എന്നാൽ നാം അവന്റെ വാഗ്ദത്ത പ്രകാരം നീതി വസിക്കുന്ന പുതിയ ആകാശത്തിനും പുതിയ ഭൂമിയ്ക്കുമായിട്ടു കാത്തിരിക്കുന്നു. അതുകൊണ്ട് പ്രിയമുള്ളവരേ നിങ്ങൾ ഇവയ്ക്കായി കാത്തിരിക്കയാൽ അവൻ നിങ്ങളെ കറയും കളങ്കവും ഇല്ലാത്തവരായി സമാധാനത്തോടെ കാണ്മാൻ ഉത്സാഹിച്ചുകൊണ്ട് നമ്മുടെ കർത്താവിന്റെ ദീർഘക്ഷമയെ രക്ഷ എന്ന് വിചാരിപ്പിൻ" (2പത്രൊ. 3:9–14).

കറയും ചുളക്കവുമില്ലാതെ സമധാനമുള്ളവരായി കാണപ്പെടുവാൻ തിടുക്കത്തോടെ ഒരുങ്ങുന്നതു സംബന്ധിച്ച ഒരു പ്രബോധനമല്ലയോ ഇത്?

## നീ ഒരുങ്ങുന്നുവോ?

" എല്ലാറ്റിനും മേലായ ഈ സംരംഭത്തിനുവേണ്ടി നീ ഒരുങ്ങുന്നുവോ? നിങ്ങളെ ഒരുക്കുവാൻ ശുദ്ധീകരിപ്പാൻ, കറയും ചുളക്കവുമില്ലാതെ നിർത്തുവാൻ തന്റെ ആത്മാവിനാൽ നിറച്ചു അതിന്റെ സ്വന്തം ഫലം നമ്മുടെ ജീവിതത്തിൽ പുറപ്പെടുവിക്കുവാൻ അനുദിനം ദൈവത്തെ അന്വേഷിക്കുന്നുവോ? ഈ ലോകത്തിലെ ഏറ്റവും ക്ഷണികമായ കാര്യങ്ങളെ വിട്ടുകളഞ്ഞു സ്വർഗ്ഗീയമായതിനെ , നിത്യമായതിനെ തന്നേ മുറുകെ പിടിക്കുന്നുവോ?

നിങ്ങളുടെ ഹൃദയം സ്വർഗ്ഗീയമായതിനുവേണ്ടി ഒരുങ്ങിയിരിക്കുന്നു എങ്കിൽ, അവിടെയാണ് നിങ്ങളുടെ ഹൃദയം ഇരിക്കുന്നതെങ്കിൽ,. അപ്പോൾ, ക്രിസ്തുവിനെ സംബന്ധിച്ച കാര്യങ്ങൾ നിങ്ങൾക്ക് കൂടുതൽ പ്രധാനമെന്ന് തോന്നും, നമ്മുടെ

(ശേഷം 7-ാംപേജിൽ)

## രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

| | |
|---|---|
| അംഗീകരിക്കുക | *ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായി ത്തീർന്നു (റോ.3:23)* |
| പശ്ചാത്തപിക്കുക | *അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)* |
| ഏറ്റുപറയുക | *നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)* |
| ഉപേക്ഷിക്കുക | *ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.* |
| ശുദ്ധീകരിപ്പെടുക | *അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).* |
| വിശ്വസിക്കുക | *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)* |
| സമർപ്പിക്കുക | *ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)* |
| പ്രാപിച്ചെടുക്കുക | *യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)* |

# സ്വയ വഞ്ചനയുടെ അപകടങ്ങൾ

By. Stuart Holden

" ദൈവമേ എന്നെ ശോധന ചെയ്ത് എന്റെ ഹൃദയത്തെ അറിയേണമേ, എന്നെ പരീക്ഷിച്ച് എന്റെ നിനവുകളെ അറിയേണമേ. വ്യസനത്തിനുള്ള മാർഗ്ഗം എന്നിൽ ഉണ്ടോ എന്ന് നോക്കി ശാശ്വത മാർഗ്ഗത്തിൽ എന്നെ നടത്തേണമേ " (സങ്കീ. 139:23,24)

ഇവിടെ സങ്കീർത്തനക്കാരൻ ഈ പാപലോകത്തെ ഉറ്റുനോക്കുന്നു, മനുഷ്യന്റെ ഇവിടത്തെ പ്രശ്നങ്ങളെ നോക്കുന്നു, നന്മയും തിന്മയും തമ്മിലുള്ള അവസാനിക്കാത്ത വൈരുദ്ധ്യങ്ങളെ നോക്കുന്നു (സങ്കീ. 139: 19 -22), സങ്കീർത്തനകാരൻ അതിന്റെ വിശാലതകളെ വിട്ട് അതിന്റെ കേന്ദ്രത്തിലേയ്ക്ക് ഉറ്റുനോക്കുന്നു. തനിക്ക് ബോദ്ധ്യമാകുന്നത് ഏതൊരു നല്ല മനുഷ്യരും അത് മനസ്സിലാക്കുകയാണ്. ദൈവത്തിന്റെ മുമ്പിൽ തന്റെ അവസ്ഥയെക്കുറിച്ചും ചിന്തിച്ചു പോകയാണ്.

ഒരു നല്ല മനുഷ്യന് ചുറ്റും നടക്കുന്ന കാര്യങ്ങളെ നോക്കി മൗനമായിരിപ്പാൻ കഴിയുന്നതല്ല. ഇവിടെ നടക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് ചിന്തിയില്ലാത്തവനായിരിപ്പാനും കഴിയുകയില്ല. എന്നാൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം തന്റെ അകത്തെ മനുഷ്യനെ സംബന്ധിച്ച രഹസ്യം താൻ നന്നായി അറിയുന്നു എന്നതാണ്. എന്നാൽ ദു:ഖകരമായ കാര്യം എന്നത് ആ രഹസ്യം കണ്ടുപിടിച്ച് അറിഞ്ഞിട്ടും അതിനെ എന്നെന്നേയ്ക്കും മറച്ചു വച്ചിരിക്കുന്നു എന്നതാണ്. നാം മനസിലാക്കേണ്ടതായ കാര്യം, ലോകത്തിലെ അവസ്ഥ അങ്ങനെയെങ്കിൽ അത് എനിക്കെന്ത് എന്നല്ല, ഞാനും അതിൽ ഉൾപ്പെട്ടിരിക്കുന്നു എന്നാണ് കാണേണ്ടത്. അപ്പോസ്തോലികത സാക്ഷ്യം പറയുന്നതുപോ ലെ നാം നമ്മെതന്നെ വിധിച്ചാൽ വിധിക്കപ്പെടുകയില്ല (1കൊരി. 11:31). അങ്ങനെ, നാം നമ്മെത്തന്നെ വിധിച്ചിരുന്നെങ്കിൽ നമ്മുടെ ജീവിതം സുതാര്യമായിമാറുമായിരുന്നു. അതിലൂടെ ലോകം യേശുവിനെ കാണുമായിരുന്നു, നാമും അനുഗ്രഹിക്കപ്പെടുമായിരുന്നു.

## ശരിക്കും ആത്മികമാണോ?

സത്യത്തിന് വേണ്ടിയുള്ള തീക്ഷണത നമ്മെ ശാന്തരാക്കുകയല്ല ചെയ്യുന്നത്. അതിന്റെ പ്രതിഫലനങ്ങൾ ചിലപ്പോൾ അനാത്മികം എന്ന് തോന്നിയേക്കാം. ഒരുവൻ സത്യത്തിന് തീഷ്ണതയുള്ളവനായിരിക്കുന്നു എങ്കിൽ മാനസികമായ സമ്മതവും അവനുണ്ടായിരിക്കാം, എന്നാൽ പുറമേയുള്ള ജീവിതം അവന്റെ വിശ്വാസത്തിനനുസരണമായിരിക്കണമെന്നില്ല. ഒരു അനാത്മികനോ സ്വാർത്ഥമതിയോ ആയ ഒരുവന് അവൻ ഒരു ആത്മികനാണെന്ന് മനസിലാകത്തക്കയാതൊരു പ്രതികരണവും ഉണ്ടായിരിക്കയില്ല. അതൊരു മതപരമായ വൈരുദ്ധ്യമാണ്. പൊതുവിലോ സ്വകാര്യമായോ ആത്മികനോ, അനാത്മികനോ തിരിച്ചറിയാൻ കഴിയാത്ത നിലയിൽ, ദൈവവചനം വായിച്ച് ദൈവവുമായുള്ള ശരിയായ ബന്ധം കാത്തു സൂക്ഷിക്കുന്നവരുണ്ട്. എന്നാൽ സ്വയവഞ്ചന വളർന്ന് വളർന്ന് സമ്പൂർണ്ണ നാശത്തിലേയ്ക്ക് പോകുകയും ചെയ്യുന്നു. സത്യത്തിനു വേണ്ടിയുള്ള ജീവിത പോരാട്ടത്തിൽ നമ്മെ ശുദ്ധീകരിച്ച് കർത്താവിന്റെ ദിവസത്തിൽ പ്രതിഫലത്തിന് യോഗ്യരാക്കുന്ന പ്രവർത്തിയെ വെറുത്തു ജീവിക്കുന്നു എങ്കിൽ ആ ദിവസത്തിൽ പ്രതിഫലം ഇല്ലാത്തവരായി ലജ്ജിക്കേണ്ടതായി വരും. സത്യത്തിന് വേണ്ടി വിശ്വസ്തരായി നാം ജീവിക്കുന്നു എങ്കിൽ മനുഷ്യരുടെ മുമ്പിൽ അല്ല ദൈവമുമ്പാകെ പ്രതിഫലവുമായി നാം നില്ക്കും.

## വ്യക്തിപരമായ ഉത്തരവാദിത്വം

ദൈവമേ എന്നെ ശോധന ചെയ്യേണമേ ലോകത്തിൽ തന്റെ അവസ്ഥയെക്കുറിച്ച് തനിക്കു ബോദ്ധ്യം മനസിലാക്കി, തന്റെ ചുറ്റുപാടുകളെ മനസ്സിലാക്കി, ദൈവത്തിന്റെ ഇടപെടലിനായുള്ള ഒരു പ്രാർത്ഥനയാണിത്. ലോകത്തിൽ തന്റെ ചുറ്റുപാടുകളെ മോശമായി കാണുമ്പോൾ അവരുടെ രക്ഷയ്ക്കായുള്ള ഉത്തരവാദിത്വത്തിൽ ഒരു പങ്ക് തനിക്ക് ഉണ്ടെന്ന് ബോദ്ധ്യമാവുകയാണ്. കാര്യങ്ങൾ മോശമാണെങ്കിൽ എനിക്ക് അതിൽ ഒരു പങ്കുണ്ട്. നേരിട്ടോ അല്ലാതെയോ ഒരു ഉത്തരവാദിത്വം ഞാൻ വഹിച്ചെങ്കിലേ മതിയാകൂ. ദൈവമേ എന്നെ ശോധന ചെയ്യേണമേ. തന്റെ സ്വന്തം ജീവിതത്തിലെ തെറ്റുകളെക്കുറിച്ചുള്ള ആഴമായ ബോധമുളളവന്റെ ഒരു നിലവിളികൂടിയാണിത്. അഗ്നിജ്വാലയ്ക്കൊത്തകണ്ണുള്ള മഹത്വവാനായ കർത്താവിന്റെ മുമ്പിൽ, കർത്താവിന്റെ വിശുദ്ധമന്ദിരത്തിലോ, രഹസ്യത്തിലോ സ്വന്തം ജീവിതത്തിന്റെ അവസ്ഥകളെ കണ്ടുണർന്ന് നിലവിളിക്കുന്ന ഒരുവന്റെ പ്രാർത്ഥന കൂടെയാണിത്.

നാം ഓരോരുത്തരും നമ്മോടു തന്നെ ചോദിക്കേണ്ടതായ അതിപ്രധാനമായൊരു ചോദ്യമാണ്. അവിടുത്തെ വേലചെയ്യുവാൻ, അവിടുത്തെ പ്രത്യക്ഷതയെ യഥാർത്ഥമായി ആഗ്രഹിക്കുവാൻ നമ്മുടെ അനുദിന ജീവിതത്തിൽ പ്രവർത്തിക്കുവാൻ പരിശുദ്ധാത്മാവിനെ അനുസരിപ്പാൻ തക്കവണ്ണം ഞാൻ ദൈവത്തെ യഥാർത്ഥമായി സ്നേഹിക്കുന്നുണ്ടോ?

## പ്രായോഗികമായ ലക്ഷ്യങ്ങൾ

ജീവിതത്തിന്റെ പ്രായോഗിക ലക്ഷ്യങ്ങൾ ഏതൊക്കെയാണ്. ക്രിസ്തുവിനെ അനുഗമിക്കുവാൻ അന്വേഷിക്കുന്നവനാണ് ഒരു വിശ്വാസി. ക്രിസ്തുവിന്റെ ജീവിതത്തിലെ പ്രായോഗിക ലക്ഷ്യം എന്നത്, അഥവാ അവിടുത്തെ ധ്യാനം തന്നെ പിതാവിന്റെ ഇഷ്ടം ചെയ്യുക എന്നതാണ് എന്ന് നാം അറിയുന്നു. ദൈവഹിതം ചെയ്യുക എന്നത് തന്റെ ഭക്ഷണവും പാനീയവുമായിരുന്നു. ആ ബഹുമാനത്തോടെ ക്രിസ്തുവിന്റെ ജീവിതവുമായി നമ്മെ താരതമ്യപ്പെടുത്താം. നമ്മുടെ ജീവിത ലക്ഷ്യം എന്താണ്? നമ്മിലുള്ള ഉറപ്പ് എന്താണ്? മറ്റുള്ളവർ നമ്മെക്കുറിച്ച് എങ്ങനെ ചിന്തിക്കുന്നു എന്ന് നിരൂപിക്കുക. കുറച്ചു ദിവസത്തിനുള്ളിൽ അത് അവർ വെളിപ്പെടുത്തും. സെമിത്തേരിയിൽ നിന്നും യാത്ര പറയുമ്പോൾ, അവർ അതിനെക്കുറിച്ച് സംസാരിക്കും, അവർ പറയും, അതെ, അവൻ ജീവിച്ച് എന്തിനു വേണ്ടി? പണത്തിന് വേണ്ടി; അതെ, അവൻ അത് നേടി. പ്രശസ്തിക്കുവേണ്ടി, അതെ, അവൻ പ്രശസ്തനായിരുന്നു. ഉപദേശകവിധികൾ ഒഴിവാക്കി അവൻ ജീവിച്ചു. അതോ, അവർ നമ്മെക്കുറിച്ച് പറയുമോ, അവൻ ദൈവത്തിനും അവിടുത്തെ മഹത്വത്തിനുമായി ജീവിച്ചു. ദൈവമേ എന്നെ ശോധന

( (ശേഷം 8-ാം പേജിൽ )

# വചനം ഒരു വാൾ

By. Charles H. Spurgeon

ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേർവിടുവിക്കും വരെ തുളച്ചു ചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു (എബ്രാ. 4:12).

ദൈവത്തിന്റെ വചനം ജീവനുള്ളത് എന്ന് പറഞ്ഞിരിക്കുന്നു. വേദപുസ്തകം ജീവനുള്ള പുസ്തകമാണ്. ജീവിക്കുന്ന ആളുകൾക്ക് ഇത് ഒരു മർമ്മമാണ്. ആത്മാവിനാൽ മാത്രമേ മനസിലാക്കാൻ കഴിയൂ. ദൈവവചനത്തിൽ ജീവനുണ്ട്. അത് വായിക്കുന്ന ഓരോ വ്യക്തിയിലേക്കും ആ ജീവൻ പകരപ്പെടുന്നു. അത് തെറ്റില്ലാത്ത ജീവനുള്ള വിത്താണ്. അത് ചലിക്കുന്നു. പ്രവർത്തിക്കുന്നു, ജീവിക്കുന്നു, ജീവനുള്ളത് എന്ന നിലയിൽ ആശയ വിനിമയം നടത്തുന്നു.

എപ്പോഴെങ്കിലും ആ അർത്ഥം ഗ്രഹിച്ചിട്ടുണ്ടോ? എന്തുകൊണ്ട് ഈ പുസ്തകം എന്നോട് വാദിക്കുന്നു. ഈ പുസ്തകം എന്നെ അടിക്കുന്നു, എന്നെ ആശ്വസിപ്പിക്കുന്നു, എന്നോട് പുഞ്ചിരിക്കുന്നു, നെറ്റി ചുളിക്കുന്നു, കൊളുത്തിപ്പിടിക്കുന്നു. എന്റെ ഹൃദയത്തെ തർജ്ജനം ചെയ്യുന്നു, അത് എന്നെ കരയിപ്പിക്കുന്നു, അടയാളം തരുന്നു, എന്നോട് മന്ത്രിക്കുന്നു, പ്രസംഗിക്കുന്നു, എന്റെ വഴികളെ അറിയുന്നു എന്നെ തടയുന്നു. എന്റെ നല്ല സഖിയായിരിക്കുന്നു. രാവിലെയും വൈകുന്നേരവും എനിക്ക് ആലോചനക്കാരനായിരിക്കുന്നു. ഇത് ജീവനുള്ള പുസ്തകമാണ്. എല്ലാറ്റിനും മീതെ ജീവിക്കുന്നു. എഴുതപ്പെട്ട മറ്റെല്ലാ പുസ്തകങ്ങൾക്കും മീതെ അധികാരത്തോടെ ആദ്യ അദ്ധ്യായം മുതൽ അവസാനത്തെ അദ്ധ്യായം വരെ ജീവനുള്ളതായിരിക്കുന്നു.

ദൈവവചനം എല്ലായ്പ്പോഴും പുതിയതും ശക്തിയുള്ളതും ആയിരിക്കുന്നു. സകല ജഡവും പുല്ലുപോലെയും അതിന്റെ ഭാംഗി എല്ലാം പുല്ലിന്റെ പൂവുപോലെയും ആകുന്നു, പുല്ലുവാടി പൂവുതിർന്നുപോയി; കർത്താവിന്റെ വചനമോ എന്നേയ്ക്കും നിലനില്ക്കുന്നു (1പത്രൊ. 1:24,25). അതിലെ ജീവൻ അതിന്റെ വായനക്കാരിലേക്ക് പകർന്നു കൊടുക്കുന്നു. ചില സമയങ്ങളിൽ കഠിനമായ പ്രയാസങ്ങൾ നേരിട്ട് ജീവൻ നഷ്ടപ്പെട്ടതുപോലെ കാണപ്പെടുമ്പോൾ ദൈവവചനവായന നമ്മെ ജീവിപ്പിക്കുന്നു. അതിലെ ഒരു വാക്ക് ചിലപ്പോൾ നമ്മെ തട്ടി ഉണർത്തുന്നു. നാം ദൈവവചനത്തിന് ജീവൻ കൊടുക്കേണ്ട കാര്യമില്ല. നിങ്ങൾക്ക് വചനത്തിൽ നിന്നും ജീവൻ പ്രാപിപ്പാൻ കഴിയും. കർത്താവായ യേശുവിന്റെ ശബ്ദം ലാസറിനെ ഉയിർപ്പിച്ചു.

ഇത് ജീവിപ്പിക്കുന്ന ജീവനുള്ള വചനമാണ്. മരണ ഭയത്തിൽ നിന്നും അത് എന്നെ വിടുവിച്ച് സന്തോഷിപ്പിക്കുന്നു. ദൈവവചനത്തിന് മരണമില്ല.യ 2 രാജാ. 13:21 മരിച്ചവന്റെ ശരീരം ഭക്തന്റെ അസ്ഥികളെ തൊട്ടപ്പോൾ അവൻ ജീവൻ പ്രാപിച്ചു. ദൈവവചനം അനുസരിക്കയും അതിനെ ശുശ്രൂഷിക്കയും ചെയ്ത പ്രവാചകന്റെ അസ്ഥികളിൽ ജീവനുണ്ടായിരുന്നു എങ്കിൽ ആ ജീവൻ മരിച്ചവനെ ഉയിർപ്പിക്കുവാൻ ശക്തിയുള്ളതായിരുന്നു എങ്കിൽ ദൈവവചനത്തിന്റെ ശക്തി എത്ര വലുതാണ്.

ദൈവവചനം ജീവനുള്ളതും അത് എന്നേയ്ക്കുമുള്ളതും ഏതു മണ്ണിനും ഏതു സാഹചര്യത്തിനും നല്ല വിത്തായി ഭവിച്ചിട്ട് ദൈവത്തിന്റെ നാമത്തിന്റെ മഹത്വത്തിനായി ഫലങ്ങൾ പുറപ്പെടുവിക്കയും ചെയ്യുന്നു. ദൈവം ജീവിക്കുന്നതു കൊണ്ട് ദൈവത്തിന്റെ വചനവും ജീവിക്കുന്നു.

**ദൈവവചനം ശക്തിയുള്ളതായിരിക്കുന്നു.**

നമ്മുടെ വേദഭാഗത്തിൽ ദൈവവചനം ശക്തിയുള്ളതായിരിക്കുന്നു എന്ന് വായിക്കുന്നു. അത് എപ്പോഴും ശക്തിമത്താണ്. ഊർജ്ജമുള്ളതാണ്. ദൈവവചനം ദൈവമാണ് ദൈവത്തിന്റെ ശബ്ദമാണ്.

ദൈവവചനം വായിക്കയും പഠിക്കയും ചെയ്യുക എന്നത് എത്ര ശ്രേഷ്ഠമായ കാര്യമാണ്. സഹോദരാ ദൈവവചനം വായിച്ച് പഠിച്ച് പ്രസംഗിക്കൂ അത് അനേകരെ വിടുവിക്കുവാനിടയാകും. എന്റെ വാക്കോ നിങ്ങളുടെ വാക്കോ ശക്തിയോടെ ഉപയോഗിച്ചാലും പ്രയോജനമില്ല എന്നാൽ ദൈവത്തിന്റെ വചനത്തിന് ശക്തിയുണ്ട്. അത് വൻകാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. അത് ആത്മാക്കളെ രക്ഷിക്കുന്നു. അത് പാപത്തെക്കുറിച്ച് ബോധം വരുത്തുന്നു.

എത്ര ഊർജ്ജസ്വലമാണ് ദൈവവചനം അത് മനനുഷ്യന്റെ പാപത്തെക്കുറിച്ച് ബോധം വരുത്തി സുവിശേഷത്തിന്റെ സ്വാതന്ത്ര്യത്തിലേയ്ക്ക് ആളുകളെ കൊണ്ടുവരുന്നു. അത് പാറയെ തകർക്കുന്ന ചുറ്റികയാണ്. യാതൊരു ശക്തിക്കും ദൈവവചനത്തെ ബന്ധിക്കുവാൻ സാദ്ധ്യമല്ല, അത് ഇരുമ്പോടാമ്പുകളെ തകർത്ത് മനുഷ്യനെ സ്വന്തന്ത്രനാക്കുന്നു.

ഇത് ധൈര്യപ്പെടുത്തുവാനും വിശാലമാക്കുവാനും വേണ്ടി ജീവനുള്ളതാണ്, ശക്തിയുള്ളതാണ്. നമ്മെ സുരക്ഷിതരായി കാക്കുവാൻ തക്കവണ്ണം സുവിശേഷത്തിന്റെ ശക്തി വലുതാണ്. ഇത് ആദ്യം നമ്മെ ക്രിസ്തുവിലേയ്ക്ക് കൊയണ്ടുവരുന്നു, പിന്നെ ക്രിസ്തു എന്ന തലയോളം വളരുവാൻ നമ്മെ സഹായിക്കുന്നു. ക്രിസ്തുവിന്റെ വചനമായ ദൈവവചനം നമ്മെ വിശുദ്ധിയിലേയ്ക്കും ദൈവത്തിൽ പൂർണ്ണ ഹൃദയത്തോടെയുള്ള ആശ്രയത്തിലേയ്ക്കും നമ്മെ നടത്തുന്നു. എല്ലാ സൽപ്രവൃത്തിയും നല്ല ഫലമുള്ളവരായി തന്റെ തന്റെ വചനത്തിന്റെ ശക്തിയെ വെളിപ്പെടുത്തുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. വചനത്താലുള്ള ജല സ്നാനത്താൽ (എഫെ. 5:26) അതായത്, ദൈവവചനത്താലുള്ള കഴുകൽ പ്രാപിച്ച്, ഓരോ ദിവസവും വിശുദ്ധിപ്രാപിച്ച് എല്ലാറ്റിലും നമ്മുടെ രക്ഷിതാവും കർത്താവുമായവന്റെ മുമ്പാകെ അനുസരണമുള്ളവരായി നടക്കേണ്ടതാണ്.

എന്നിട്ട് ദൈവവചനത്തിലുള്ള ശക്തിയും ജീവൻ പ്രാപിച്ച് നമ്മുടെ വ്യക്തിപരമായ ജീവിതത്തിൽ അനുഭവമാക്കുകയും മറ്റുള്ളവർക്ക് പകർന്നുകൊടുക്കയും ചെയ്യേണ്ടതാണ്. ഈ ദുഷ്ടലോകത്തിൽ നന്മ ചെയ്യുവാൻ അന്വേഷിക്കുന്നു എങ്കിൽ ശക്തിയുള്ള ആയുധമായ ദൈവവചനം ധരിച്ച് സുവിശേഷത്തിനുവേണ്ടി പോരാടേണ്ടതാണ്. പാപത്തിന്മേലും മരണത്തിന്മേലും അധികാര

( ശേഷം 8-ാം പേജിൽ)

(1-ാംപേജിന്റെ തുടർച്ച)

**അവിടുത്തെ വരവ് സമീപിച്ചിരിക്കുന്നു എന്ന നിലയിൽ എല്ലാം ക്രിസ്തുവിനായ്**

ത്തിലും ശക്തിപ്പെടുവിൻ" (എഫെ. 6:10).

## ആത്മീക യുദ്ധം

എഫെസ്യർ ആറാം അദ്ധ്യായം 6-10 വരെ പഠിക്കുമ്പോൾ ഒരു ആത്മിക യുദ്ധത്തെ കാണാം. ഡബ്ല്യു. സി. മൂർ എഴുതുമ്പോൾ, അതിന്റെ പിന്നിൽ ഒരു ഇരുട്ടിന്റെ ശക്തിയെ കാണാം. ഈ അന്ധകാരത്തിന്റെ ലോകാധിപതി (എഫെ. 6:12). അത് കലക്കങ്ങളുണ്ടാക്കുന്നു. കർത്താവിന്റെ വരവ് അടുത്തിരിക്കുന്നു എന്ന നിലയിൽ ഈ യുദ്ധം കൂടുതൽ ശക്തിപ്പെടുന്നു. പിശാചിന്റെ രണ്ട് പ്രധാന സ്വഭാവങ്ങളിൽ ഒന്ന് വഞ്ചനയും രണ്ട് നാശവുമാണ്. ഈ ശക്തിയെ സംബന്ധിച്ച സൂചനകൾ ലോകത്തിൽ നമുക്ക് കാണാൻ കഴിയും. ഇത് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചു നില്ക്കുവാനുള്ള സമയം. നമ്മുടെ ബലം നമ്മുടെ കർത്താവിന്റെ കരുതലാണ്.

## കാത്തിരുന്ന് പ്രാർത്ഥിക്കുക

ഈ യുദ്ധത്തിലെ പ്രധാന പ്രാർത്ഥനയാണ്. "സകല പ്രാർത്ഥനയാലും യാചനയാലും ഏതു നേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും അതിനായി ജാഗരിച്ചും കൊണ്ട് സകല വിശുദ്ധന്മാർക്കും എനിക്കും വേണ്ടി പ്രാർത്ഥനയിൽ പൂർണ്ണ സ്ഥിരത കാണിപ്പിൻ" (എഫെ. 6:18).

ഒടുവിലത്തെ നാളുകളെക്കുറിച്ച് പത്രൊസ് ഊന്നിപ്പറയുന്നത് ശ്രദ്ധിക്കുക. എന്നാൽ എല്ലാറ്റിന്റെയും അവസാനം സമീപിച്ചിരിക്കുന്നു. ആകയാൽ പ്രാർത്ഥനയ്ക്ക് സുബോധമുള്ളവരും നിർമ്മദരുമായിരിപ്പിൻ (1പത്രൊ. 4:7). ഈ കാലഘട്ടത്തിലെ പ്രധാന ആവശ്യം എന്നത്, നാം പ്രതീക്ഷിക്കുന്നതും ദൈവത്തിന്റെ ഇടപെടലുമാണ്. പ്രാർത്ഥനയിൽ നാം ദൈവത്തിങ്കലേയ്ക്ക് നോക്കുമ്പോൾ നമുക്കു കിട്ടുന്ന പ്രത്യാശ, "ദൈവത്തിന് അസാധ്യമായത് ഒന്നും ഇല്ല എന്നതാണ്" (യിരെ. 32:17).

പ്രാർത്ഥനയുടെ ശക്തിയെക്കുറിച്ച്, ലിയോണാർഡ് ഡാവിഞ്ചി തന്റെ പുസ്തകത്തിൽ പറയുന്നത്, ദൈവം വിശാലമായിരിക്കുന്നതുപോലെ പ്രാർത്ഥനയും വിശാലമായിരിക്കുന്നു. കാരണം ദൈവം അതിന്റെ പുറകിൽ ഉണ്ട്. ദൈവം ശക്തനായിരിക്കുന്നതുപോലെ പ്രാർത്ഥനയ്ക്കും ശക്തിയുണ്ട്. കാരണം അതിന് മറുപടി നൽകുവാൻ ദൈവം സന്നദ്ധനായിരിക്കുന്നു.

സഭാ പിതാക്കന്മാരിലൊരാളായ ജോൺ ക്രിസോസ്റ്റത്തിന്റെ വാക്കുകളെ ഉദ്ധരിച്ചു റാവഞ്ചി വീണ്ടും പറയുന്നത് പ്രാർത്ഥനയുടെ ശക്തിയാൽ തീയുടെ ബലം കെടുത്തി, സിംഹങ്ങളുടെ വായ് അടച്ചു യുദ്ധങ്ങളെ അമർച്ച ചെയ്തു. ദേശങ്ങളിൽ സമാധാനം വരുത്തി, ഭൂതങ്ങളെ പുറത്താക്കി, മരണത്തിന്റെ ചങ്ങലകളെ പൊട്ടിച്ചു, ആകാശത്തിന്റെ വാതിലുകളെ തുറന്നു, രോഗികളെ സൗഖ്യമാക്കി, പാപികളെ രക്ഷിച്ചു, നാശത്തിൽ നിന്നും പട്ടണങ്ങളെ രക്ഷിച്ചു.... ആ ശക്തിക്കായി നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കാം. സർവ്വശക്തനും കരുണാസമ്പന്നനുമായ ദൈവം നമ്മുടെ പ്രാർത്ഥനകളെ ശ്രദ്ധിച്ചു ഈ നാളുകളിൽ ശക്തിയോടെ പ്രവർത്തിക്കട്ടെ!

## മാനസാന്തരം

ഈ ഒടുവലിത്തെ നാളുകളിൽ നമുക്കാവശ്യമായ ഏറ്റവും പ്രധാനമായ വസ്തുതകൾ എന്നത്, ശരിയായ വിശ്വസ്തതയും സ്വന്തം ജീവിതത്തിലെ മാനാസന്തരവുമാണ്. നമുക്കു ചുറ്റുമുള്ള പാപപങ്കിലമായ അവസ്ഥയെക്കുറിച്ച് നമുക്ക് അറിയാം, എന്നാൽ എല്ലാ വഴികളിലും നാം ദൈവത്തിന്റെ ഇഷ്ടത്തിന് നടക്കേണ്ടവരാണ്. ഒടുവിലായി ഈ സംരംഭത്തിലൂടെ ഒരു മാനസാന്തരത്തിനും സ്വയശോധനയ്ക്കുമായി നമ്മെ വിളിക്കുകയാണ്. ദൈവത്തിന്റെ ഇടപെടലിന് നമ്മെ ഏല്പിക്കുവാനുള്ള സമയമത്രേ ഇത്. "ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയ സമൂഹം നമുക്കു ചുറ്റും നിൽക്കുന്നതുകൊണ്ട് സകല ഭാരവും മുറുകെപ്പറ്റുന്ന പാപവും വിട്ട് നമുക്കു മുന്നിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടുകൂടെ ഓടുക. വിശ്വാസത്തിന്റെ നായകനും പൂർത്തീവരുത്തുന്നവനുമായ യേശുവിനെ നോക്കുക. തന്റെ മുമ്പിൽ വച്ചിരിക്കുന്ന സന്തോഷം ഓർത്തു, അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കുകയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്ത് ഇരിക്കയും ചെയ്തു" (എബ്രാ. 12:1,2). കർത്താവിന്റെ വരവിനായി ഒരുങ്ങുവാനും അവിടുത്തെ മഹത്വത്തിനായി ജീവിപ്പാനും ശുശ്രൂഷിപ്പാനുള്ള സമയമത്രേ ഇത്. കർത്താവു തന്നെ പറയുന്നത്, "നിങ്ങളുടെ ഹൃദയം അതിഭക്ഷണത്താലും മദ്യപാനത്താലും ഉപജീവന ചിന്തകളാലും ഭരപ്പെട്ടിട്ട് ആ ദിവസം നിങ്ങൾക്ക് പെട്ടെന്ന് കണിപോലെ വരാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ. അത് സർവ്വ ഭൂതലത്തിലും പാർക്കുന്ന ഏവർക്കും വരും. ആകയാൽ ഈ സംഭവിപ്പാനുള്ള എല്ലാറ്റിനും ഒഴിഞ്ഞുപോകുവാനും മനുഷ്യപുത്രന്റെ മുമ്പിൽ നില്പാനും നിങ്ങൾ പ്രാപ്തരാകേണ്ടതിന് സദാ കാലവും ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരിപ്പിൻ" (ലൂക്കൊ. 21:34-36).

കൃപാലുവായ നമ്മുടെ കർത്താവ് ഏറ്റവും മെച്ചമായത് മുക്കു തരുവാനാഗ്രഹിക്കുന്നു. പാപം ചെയ്യാതെ കർത്താവുമായുള്ള നല്ല ബന്ധം കാത്തു സൂക്ഷിച്ചു അവിടുത്തെ വരവിനായി ഒരുക്കത്തോടെ ജീവിക്കാം. കാരണം, അവിടുന്ന് നമ്മെ സ്നേഹിക്കുന്നു. "എനിക്ക് പ്രിയമുള്ളവരെ ഒക്കെയും ഞാൻ ശാസിക്കയും ശിക്ഷിക്കയും ചെയ്യുന്നു; ആകയാൽ നീ, ജാഗ്രതയുള്ളവനായിരിക്ക; മാനാസന്തരപ്പെടുക". (വെളി. 3:19). "ഇന്ന് നിങ്ങൾ അവന്റെ ശബ്ദം കേൾക്കുന്നു എങ്കിൽ നിങ്ങളുടെ ഹൃദയങ്ങളെ കഠിനമാക്കാതെ പൂർണ്ണമായി അനുസരിക്കാം" (എബ്രാ. 3:7, വെളി. 3:20). ❖

(2-ാംപേജിന്റെ തുടർച്ച)

**ഒടുവിലത്തെ നാളുകളിലെ കുടുംബ പ്രാർത്ഥന**

ല്ലാത്തതും കർത്താവിന്റെ മുമ്പിൽ ഉപയോഗമില്ലാത്തതുമാണ്. കർത്താവിന്റെ സഹായത്താൽ, നമ്മെത്തന്നെ കർത്താവിന്റെ നിയന്ത്രണത്തിൻകീഴ് കൊണ്ടുവരുമ്പോൾ നമ്മുടെ പ്രാർത്ഥന വർദ്ധിക്കയും ശക്തിപ്പെടുകയും പ്രയോജനമുള്ളതായിത്തീരുകയും ചെയ്യുന്നു, "ഭീരുത്വത്തിന്റെ ആത്മാവിനെയല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രെ ദൈവം നമുക്കു തന്നത്" (2തിമൊ. 1:7).

കർത്താവു തന്റെ വചനത്തിൽ നൽകിയിരിക്കുന്ന ധാരാളം പ്രാർത്ഥനയെ സംബന്ധിച്ച കല്പനകളിൽ ചിലത് താഴെ കുറിക്കുന്നു. നിങ്ങളുടെ കുടുംബ സമയം വേർതിരിച്ച് അവ പഠിക്കുവാനും, ധ്യാനിക്കുവാനും അവയെ അനുസരിപ്പാനും കഴിയുന്നു എങ്കിൽ നിങ്ങൾ ശുദ്ധ

(ശേഷം 7-ാം പേജിൽ)

(1-ാംപേജിന്റെ തുടർച്ച)

**ഒടുവിലത്തെ നാളുകളിലെ കുടുംബ പ്രാർത്ഥന**

മനസ്സുള്ളവരായി സ്വാതന്ത്ര്യത്തോടെ പ്രാർത്ഥിപ്പാൻ കഴിയും.

## പരീക്ഷയിൽ അകപ്പെടാതിരിക്കേണ്ടതിന് പ്രാർത്ഥിപ്പിൻ

നഷ്ടപ്പെട്ടവരെ ദൈവരാജ്യത്തിന്റെ അവകാശികളാക്കി കൊണ്ടുവരുന്ന ദൈവിക പദ്ധതിയാണ് പ്രാർത്ഥന. (1തിമൊ. 2:1-4). നാം അനുസരണമുള്ളവരായി സകല മനുഷ്യർക്കും വേണ്ടി പ്രാർത്ഥിക്കണം. അവർ നമ്മെ ഉപദ്രവിക്കുന്നവരോ പകയ്ക്കുന്നവരോ ആയിരിക്കാം (മത്താ. 5:44, ലൂക്കൊ 6: 28). അധികാരങ്ങളിൽ ഇരിക്കുന്നവർക്കുവേണ്ടി നാം പ്രാർത്ഥിക്കുന്നതാവശ്യം! ഉദ്യോഗസ്ഥന്മാർക്കുവേണ്ടി പ്രാർത്ഥിക്കണം, സഹപ്രവർത്തകർക്കുവേണ്ടി, അദ്ധ്യാപകർ തുടങ്ങിയവർക്കുവേണ്ടി പ്രാർത്ഥിക്കണം. നമ്മുടെ കൂട്ടുകാർക്കും കുടുംബക്കാരുമായി ക്രിസ്തുവിനെ അറിയാത്തവർക്കുവേണ്ടി ഒരു ലിസ്റ്റ് തയ്യാറാക്കി മദ്ധ്യസ്ഥതയണച്ച് പ്രാർത്ഥിക്കണം.

## വിശ്വസ്തമായി പ്രാർത്ഥിക്കുവാൻ ഉറ്റിരുന്നു പ്രാർത്ഥിക്കണം

" പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ സ്തോത്രത്തോടെ അതിൽ ജാഗരിപ്പിൻ" (കൊലൊ.4:2). ശത്രുവിന്റെ പദ്ധതികളെ നോക്കി നന്ദി നിറഞ്ഞ ഹൃദയത്തോടെ പ്രാർത്ഥിക്കുമ്പോൾ പ്രാർത്ഥനയുടെ എല്ലാ അതിരുകളും പാലിച്ച് പ്രാർത്ഥിക്കണം. "ആശയിൽ സന്തോഷിപ്പിൻ; കഷ്ടതയിൽ സഹിഷ്ണത കാണിപ്പിൻ, പ്രാർത്ഥനയിൽ ഇറ്റിരിപ്പിൻ (റോമർ. 12:12). നിങ്ങളുടെ കുടുംബത്തിന് ഈ കല്പന അനുസരിച്ച് ഓരോ ദിവസവും സമയം വേർതിരിച്ച്, വ്യക്തിപരമായോ, കൂട്ടായിട്ടോ പ്രാർത്ഥിപ്പാൻ കഴിയും. പിതാവ് നിങ്ങളുടെ വിശ്വസ്തതയ്ക്ക് പ്രതിഫലം തരും. അങ്ങനെ സമയം വേർതിരിക്കുന്നത് പ്രയാസം എന്ന് കണ്ടാൽ, ഒരമിച്ചിരുന്ന് തീരുമാനിച്ച് അവസരം കണ്ടെത്തി ഒരുമിച്ചു പ്രാർത്ഥനയിൽ സമയം ചെലവഴിക്കാവുന്നതാണ്. ചെറിയ വ്യത്യാസങ്ങൾ വരുത്തി സമയം വേർതിരിച്ച് ഒരുമിച്ച് പ്രാർത്ഥിക്കാവുന്നതാണ്. ചിലപ്പോൾ ആ സമയം ടെലിവിഷന്റെ മുമ്പിലോ, കമ്പ്യൂട്ടറിന്റെ മുമ്പിലോ ആയിപ്പോകാറുണ്ട്. പ്രാർത്ഥനയെക്കുറിച്ച് സംസാരിക്കുക. പ്രാർത്ഥനയെക്കാൾ നിങ്ങൾ മറ്റേതെങ്കിലും കാര്യങ്ങൾക്ക് അമിത പ്രാധാന്യം കൊടുക്കുന്നുണ്ടോ എന്ന് സ്വയം ചോദിക്കുക. പ്രാർത്ഥനയ്ക്ക് പ്രഥമ സ്ഥാനം കൊടുക്കുക.

## തുടർച്ചയായി പ്രാർത്ഥിക്കുക കാരണം അത് നിങ്ങളെക്കുറിച്ചുള്ള ദൈവത്തിന്റെ ഇഷ്ടമാണ്.

" എപ്പോഴും സന്തോഷിപ്പിൻ; ഇടവിടാതെ പ്രാർത്ഥിപ്പീൻ എല്ലാറ്റിനും വേണ്ടി സ്തോത്രം ചെയ് വിൻ; ഇതല്ലോ നിങ്ങളെക്കുറിച്ച് ക്രിസ്തേശുവിൽ ദൈവേഷ്ടം" (1തെസ്സ. 5:16-18).

കഠിനമേറിയ സാഹചര്യങ്ങൾ വരുമ്പോൾ സന്തോഷമായിരിപ്പാനും സ്തോത്രം ചെയ്യുവാനും അത്ര എളുപ്പമുള്ള കാര്യമല്ല. അങ്ങനെയെങ്കിൽ എന്തുകൊണ്ടാണ് ദൈവം അങ്ങനെ പറഞ്ഞിരിക്കുന്നത്? കാരണം ജീവിതത്തിന്റെ കാഠിന്യമേറിയ വഴികളിലൂടെ നാം ശക്തന്മാരായി വളരണം എന്നതാണ്. നാം പ്രാർത്ഥനയിൽ ദൈവത്തിങ്കലേയ്ക്ക് തിരിയുന്നു എങ്കിൽ കഠിനമേറിയ ഏതു സാഹചര്യങ്ങളിലും നമുക്ക് ജയം നൽകുവാൻ അവിടുന്ന് ശക്തനാണ്. ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോട് അറിയിക്കയത്രേ വേണ്ടത്. എന്നാൽ സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളേയും നിനവുകളേയും ക്രിസ്തേയശുവിങ്കൽ കാക്കും " (ഫിലി. 14:6,7).

## കുടുംബപ്രാർത്ഥന

പിതാവേ ഈ ഒടുവിലത്തെ നാളുകളിൽ ശുദ്ധ മന:സാക്ഷിയോടെ ആയിരിപ്പാൻ കൃപതരേണമേ. ബുദ്ധിയോടും ലക്ഷ്യബോധത്തോടും ജീവിപ്പാൻ സഹായിക്കേണമേ. സ്വയനിയന്ത്രണം പാലിപ്പാനും ശത്രുവിനോട് എതിർത്തു നില്പാനും ജീവിതത്തിന്റെ എല്ലാ വഴികളിലും ദൈവത്തിന് യോഗ്യരായിരിപ്പാനും കൃപ ചെയ്യേണമേ. അങ്ങയുടെ ഇഷ്ടം അറിഞ്ഞു പ്രാർത്ഥിക്കുവാൻ സഹായിക്കേണമേ. ഈ ഒടുവിലത്തെ നാളുകളിൽ ആത്മശക്തിയിൽ തന്നെ പ്രാർത്ഥിക്കുവാൻ ഞങ്ങൾക്കാഗ്രഹമുണ്ട്. പ്രിയ കർത്താവേ പ്രാർത്ഥിപ്പാൻ അടിയങ്ങളെ പഠിപ്പിക്കേണമേ. യേശുവിൻ നമത്തിൽ തന്നേ ആമേൻ. ❖

(3-ാംപേജിന്റെ തുടർച്ച)

**കാത്തിരിക്കയും ഒരുങ്ങുകയും ചെയ്യുന്നു**

മുഴു ശ്രദ്ധയും, മുഴു സമയവും, മുഴുവൻ ഊർജ്ജവും നമ്മുടെ മുഴു പ്രവർത്തിയും ചിന്തകളും അവിടുത്തേയ്ക്ക് വേണ്ടി ചെലവിടുവാൻ തോന്നും. അങ്ങനന ഈ ലോകത്തിന്റെ ഇമ്പങ്ങൾക്ക് സന്തോഷങ്ങൾ, വശീകരണ ശക്തികൾ, കൊതിപ്പിക്കുന്ന അനുഭവങ്ങൾ എല്ലാം നിസാരമായിതോന്നും.

അത് ഒരുക്കപ്പെട്ട ജദനത്തിന്റെ അടയാളങ്ങളാണ്. പ്രതിസന്ധികളിൽ അവരുടെ പ്രാർത്ഥനാ ജീവിതം നേട്ടങ്ങളുണ്ടാക്കും. അവരുടെ സമയം ധാരാളം തങ്ങളുടെ രക്ഷകനായ യേശുവോടൊത്തു ചെലവഴിക്കുന്നു. മറ്റുള്ള പുസ്തകങ്ങൾ ദൈവത്തിന്റെ പുസ്തകത്തിന് വഴി മാറുന്നു. ദൈവവചനം പഠിച്ചു ശക്തി പ്രാപിക്കുന്നു. ബലപ്പെടുന്നു. തങ്ങളുടെ ആവശ്യങ്ങളിൽ യേശു മതിയായവൻ എന്ന ചിന്ത അവരെ ഭരിച്ചു നടത്തുന്നു. വേദപുസ്തകം ജീവിക്കും. അത് അവരുടെ മനസിനെ വിശാലമാക്കുന്നു. അത് അവരെ പഠിപ്പിക്കയും ധൈര്യപ്പെടുത്തുകയും ചെയ്യുന്നു, ദിനംതോറും വ്യത്യാസപ്പെടുത്തകയും ഒരുക്കുകയും ചെയ്യുന്നു.

ഒരുക്കപ്പെട്ടവർക്ക് തെറ്റുകൾ ചെയ്യുവാൻ കഴിയുന്നില്ല. അവരുടെ ഹൃദയങ്ങൾ മുഴുവനും ദൈവമാണ്. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ വലിയ കൊയ്തുണ്ടാകണമെന്നത് ദൈവത്തോടുള്ള അവരുടെ ആഗ്രഹമാണ്. അവരുടെ പ്രാർത്ഥനകൾ മുഴുവൻ തങ്ങൾ സ്നേഹിക്കുന്നവരുടെയും പരിചയക്കാരുടെയും സഹപ്രവർത്തരുടെയും അയൽവാസികളുടെയും അങ്ങനെ ദൈവത്തെ അറിയാത്തവരുടെ പേരുകളാണ്. സ്വർഗ്ഗത്തിലെ ദൈവം അവരോട് കരുണ കാണിച്ചു തന്റെ രാജ്യത്തിനുവേണ്ടി ഒരുക്കേണ്ടതിന് ദൈവത്തോട് പ്രാർത്ഥിക്കുകയാണ്.

" ദൈവം സഭയാകുന്ന തന്റെ കാന്തയെ അവളുടെ വിവാഹത്തിനുവേണ്ടി ഒരുക്കുകയാണ് ".

നമുക്ക് ഓരോരുത്തർക്കും വിശ്വസ്തയോടും സൂക്ഷ്മതയോടും പ്രാർത്ഥനയോടുംകൂടെ നമ്മുടെ അനുദിന ജീവിതത്തെ പരീശോധിക്കാം. നമുക്കു ചില

(ശേഷം 8-ാം പേജിൽ)

( 7-ാം പേജിന്റെ തുടർച്ച)

## കാത്തിരിക്കുകയും ഒരുങ്ങുകയും ചെയ്യുന്നു

പരിചയങ്ങൾ ദൈവത്തോട് മുമ്പുണ്ടായിരുന്നേയ്ക്കാം. എന്നാൽ പുറകോട്ട് തിരിഞ്ഞു നോക്കരുത്. ഇന്നത്തെ ദിവസത്തെ നോക്കാം. അതെ, ഇന്നത്തെ ദിവസത്തെ കുശവന്റെ കയ്യിലെ കളി മണ്ണുപോലെ നമ്മിൽ പ്രവർത്തിക്കുവാൻ രൂപപ്പെടുത്തുവാൻ വ്യത്യാസപ്പെടുത്തുവാൻ, നിങ്ങൾ ആയിരിക്കുന്നതിനെക്കാൾ വ്യത്യാസപ്പെടുത്തി മറ്റൊരു തലത്തിലേയ്ക്ക് നിങ്ങളെ എത്തിക്കുവാൻ കുറച്ചു കൂടെ പണിത് യേശുവിനെപ്പോലെയാക്കുവാൻ കഴിയുന്ന ദൈവത്തിന്റെ കരങ്ങൾ നിങ്ങളോടു കൂടെയുണ്ട് എന്ന് അറിയാൻ കഴിയുന്നുണ്ടോ?

അനുദിനം ദൈവത്തോട് കൂടുതൽ അടുക്കുന്നു എന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ?ദൈവിക കാര്യങ്ങൾ പ്രാർത്ഥന അവിടുത്തെ പുസ്തകവും ശുശ്രൂഷയും ഏറെ ശ്രേഷ്ഠമായതാണ് എന്ന് തോന്നുന്നുണ്ടോ? ലോകത്തിന്റെ കാര്യങ്ങൾ നശ്വരമാണെന്ന് തോന്നുന്നുണ്ടോ? വിശ്വസ്തരായിരിക്ക, അന്വേഷിച്ച് കണ്ടെത്തുക.

സകല വിശ്വസ്തയോടും നിങ്ങൾ അങ്ങനെ അന്വേഷിക്കുന്നു എങ്കിൽ നിങ്ങൾ നിരാശപ്പെടുകയില്ല, ആരും നഷ്ടപ്പെട്ടുപോകുവാൻ ദൈവം ആഗ്രഹിക്കുന്നില്ല, എന്നാൽ എല്ലാവരും മാനസാന്തരത്തിലേയ്ക്കും ജീവനിലേയ്ക്കും വരണം എന്ന് ദൈവം ആഗ്രഹിക്കുന്നു. ദൈവം തുടങ്ങുന്നിടത്തു തുടങ്ങുക. മാനസാന്തരം തുടങ്ങുക. സകല അലസതകളും വിട്ടു മാനസാന്തരപ്പെടുക. നിങ്ങളെക്കുറിച്ചും നിങ്ങളുടെ ആത്മാവിനെക്കുറിച്ചുമുള്ള ഭാരം ഉണ്ടാകട്ടെ. നിങ്ങളുടെ പാദങ്ങൾക്കുവേണ്ടി നിങ്ങളുടെ പാതകൾ നന്നാകട്ടെ. ശുദ്ധീകരണത്തിനായും ഒരുക്കത്തിനായും തെറ്റുകുറ്റങ്ങളിൽ നിന്നും ഒഴിവുള്ളവരായിരിക്കേണ്ടതിനുള്ള കൃപ ദൈവം അനുദിനം തരേണ്ടതിന് ദൈവത്തോട് അപേക്ഷിക്കാം. യേശുവിന് തുല്യമായ ഒരു ജീവിതം നമുക്കു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കാം.

നിങ്ങളുടെ ഹൃദയം ശുദ്ധമാകട്ടെ, ദൈവത്തിന്റെ ആലയത്തിന് പ്രയോജനമുള്ള ഒരു പാത്രമായി ദൈവത്തിന്റെ പരിശുദ്ധാത്മാവിന് വസിപ്പാനുള്ള ഒരു ഭവനമായിരിക്കുവാൻ പ്രാർത്ഥിക്കാം. അങ്ങനെ നമ്മെത്തന്നെ സൂക്ഷിക്കാം. പൗലൊസ് ആയിരുന്നതുപോലെ നമുക്കും സമയമെടുക്കാം, സമയമുണ്ടാക്കാം, “ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജിച്ചിട്ട് ഈ ലോകത്തിൽ സുബോധത്തോടും ദൈവഭക്തിയോടും നീതിയോടും ജീവിച്ച് പോരേണ്ടതിന് അതു നമ്മെ ശിക്ഷിച്ചു വളർത്തുന്നു. അവൻ നമ്മെ സകല അധർമ്മത്തിൽ നിന്നും വീണ്ടെടുത്തു സൽപ്രവർത്തികളിൽ ശുഷ്കാന്തിയുള്ളൊരു സ്വന്തജനമായി തനിക്ക് ശുദ്ധീകരിക്കേണ്ടതിന് തന്നെത്താൻ നമുക്കു വേണ്ടി കൊടുത്തു” (2തിമൊ. 2:13,14)

“എന്നാൽ ചോദിക്കുന്നതിലും നിനെയ്ക്കുന്നതിലും അത്യന്തം പരമായി ചെയ്യുവാൻ കഴിയുന്നവന്, എന്നെന്നേയ്ക്കും മഹത്വം ആമേൻ ”.

❖

(4-ാംപേജിന്റെ തുടർച്ച)

## സ്വയവഞ്ചനയുടെ അപകടങ്ങൾ

ചെയ്യേണമേ, ഞാൻ എന്റെ രക്ഷകന്റെ ജീവിതവുമായി താരതമ്യം ചെയ്യുമ്പോൾ, ഞാൻ അവിടുത്തെ വകയാണ്, ഞാൻ അവിടുത്തെ വകയല്ലെങ്കിൽ എന്നെക്കുറിച്ചുള്ള ദൈവത്തിന്റെ പരമമായ ഉദ്ദേശത്തിൻ മുമ്പിൽ ഞാൻ വിധിക്കപ്പെട്ടു.

നമ്മുടെ വിശ്വാസത്തിലൂടെ ദൈവം നമ്മെ വിധിക്കുന്നു. ഒരു ക്രിസ്ത്യാനി ക്രിസ്തുവിനെ അനുഗമിക്കുവാൻ അന്വേഷിക്കുന്നു. ക്രിസ്തുവിന്റെ വിശ്വാസം തന്റെ കഷ്ടാനുഭങ്ങളിലൂടെ വെളിപ്പെട്ടു. ആ വിശ്വാസം തന്നെ പിതാവിന്റെ ഇഷ്ടം നിവർത്തിപ്പാനായി ഗത്സമനെയിലേക്കും പിന്നെ കാൽവരിയിലേയ്ക്കും നടത്തപ്പെട്ടു. നമ്മുടെ വിശ്വാസത്തെ ക്രിസ്തുവിന്റെ വിശ്വാസവുമായി താരതമ്യം ചെയ്യാം. നമ്മുടെ വിശ്വാസം ഭൗതികമായ നേട്ടത്തിന് വേണ്ടിയുള്ളതോ, അതോ അതൊരു ത്യാഗമോ?

ദൈവവുമായുള്ള നമ്മുടെ ബന്ധത്തെ അവിടുന്ന് ശോധന ചെയ്യുന്നു. ദൈവവുമായുള്ള ക്രിസ്തുവിന്റെ ബന്ധം മനുഷ്യനുമായുള്ള അവിടുത്തെ ബന്ധത്തിൽ വെളിപ്പെട്ടു. രക്ഷകനുമായുള്ള നമ്മുടെ ബന്ധത്തെ എങ്ങനെയാണ് നാം താരതമ്യം ചെയ്യുന്നത്. മറ്റുള്ളവരുമായുള്ള നമ്മുടെ ബന്ധം എങ്ങനെയാണ്? സഭയുമായുള്ള നമ്മുടെ ബന്ധം എങ്ങനെയാണ്? നാം വിമർശിക്കുന്നവരാണോ, അതോ,വേല ചെയ്യുന്നവരാണോ? ആരാധനയിൽ നാം കേവലം കാഴ്ചക്കാരാണോ? അതോ സഭയ്ക്കുവേണ്ടി നിങ്ങളുടെ ഹൃദയത്തിന്റെ ഓരോ തുടിപ്പും പ്രയോജനപ്പെടുത്തുന്നവരാണോ, ആരാധനയ്ക്ക് ഒന്നാം സ്ഥാനം നാം കൊടുക്കുന്നുണ്ടോ? നമ്മുടെ സ്വന്തം വീടുമായുള്ള നമ്മുടെ ബന്ധം എങ്ങനെയാണ്? ഓരോ ദിവസവും നാം ബന്ധപ്പെടുന്ന ലോകത്തിലെ മറ്റുള്ളവരുമായുള്ള നമ്മുടെ ബന്ധം എങ്ങനെയാണ് നമ്മുടെ ബന്ധങ്ങളെ ദൈവം ശോധന ചെയ്യുന്നത്. നമുക്ക് കഴിയില്ല എന്നാൽ നാം വിശ്വസിക്കുന്നത് ഞാൻ വിശ്വസ്തതയോടും നിർമ്മല മനസാക്ഷിയോടും ദൈവത്തെ ബഹുമാനിക്കുന്നു എന്നാണ്, ആ വെളിച്ചം നമ്മുടെ ഹൃദയങ്ങളിൽ പതിക്കുന്നു, എന്നിട്ട് നാം ചോദിക്കുന്നു, കർത്താവേ, അങ്ങേയ്ക്കു വേണ്ടി ഞാൻ എന്താണ് ചെയ്യേണ്ടത്? സകല തെറ്റായ ലക്ഷ്യങ്ങളും സകല അശുദ്ധമായ ബന്ധങ്ങളും ഒരു ദിവസം അവസാനിക്കും, ദൈവത്തിന്റെ കരുണ നിവർത്തിക്കപ്പെടും; ദൈവാത്മാവിന്റെ പ്രവർത്തി യാഥാർത്ഥ്യമാകും, നിശ്ചയമായും സത്യം വെളിപ്പെടും.

❖

( 5-ാം പേജിന്റെ തുടർച്ച)

## വചനം ഒരു വാൾ

മുള്ള ദൈവശക്തി സുവിശേഷത്തിലുണ്ട്.

സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിയ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ സുവിശേഷം പ്രസംഗിക്കപ്പെടുമ്പോൾ ആദിയിൽ പ്രവർത്തിച്ച ദൈവവചനത്തിന്റെ സർവ്വശക്തി പ്രായോഗികമാക്കപ്പെടുന്നു. ആദിയിൽ ഇരുളിനോട് ദൈവം പറഞ്ഞു, വെളിച്ചം പ്രകാശിക്കട്ടെ. അവിടെ വെളിച്ചം പ്രകാശിച്ചു. വനചത്തിൽ ജീവനുണ്ടായിരുന്നു എന്നതുകൊണ്ടു മാത്രമല്ല, ആ ജീവൻ ശക്തിമത്തായതും മനുഷ്യ ഹൃദയങ്ങളിൽ ശക്തിയോടെ പ്രവർത്തിക്കുന്നതും ആയിരുന്നു.

(ശേഷം അടുത്ത ലക്കം)

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975